ശിവഗിരിയിൽ ഹരിതചട്ടം പാലിക്കണം

തിരുവനന്തപുരം: ശിവഗിരി തീർത്ഥാടനത്തോടനുബന്ധിച്ച് ശിവഗിരി മഠത്തിന്റെ മൂന്ന് കിലോമീറ്റർ ചുറ്റളവിൽ ഹരിതചട്ടം പാലിക്കണമെന്ന് ജില്ലാ കളക്ടർ ഡോ. കെ. വാസുകി ഉത്തരവിട്ടു. ഡിസംബർ 30, 31, ജനുവരി ഒന്ന് തീയതികളിലാണ് തീർത്ഥാടനം. പ്ലാസ്റ്റിക്പേപ്പർ, തെർമോകോൾ, അലൂമിനിയം എന്നിവകൊണ്ട് നിർമ്മിച്ച ഉല്പന്നങ്ങൾ, ടെട്രാപാക്കുകൾ, പ്ലാസ്റ്റിക് കാരിബാഗുകൾ എന്നിവയുടെ സംഭരണവും വിതരണവുമാണ് നിരോധിച്ചിട്ടുള്ളത്.

പി. രാമചന്ദ്രൻ നായർ

ഗാന്ധിസ്മാരക നിധി: പി.രാമചന്ദ്രൻ നായരെ ചെയർമാനായി തിരഞ്ഞെടുത്തു

തിരുവനന്തപുരം: കേരള ഗാന്ധി സ്മാരക നിധി ചെയർമാനായി പി. രാമചന്ദ്രൻ നായരെ തിരഞ്ഞെടുത്തു. മറ്റ് ഭാരവാഹികൾ : പി. ഗോപിനാഥൻനായർ (രക്ഷാധികാരി), പി. മനോഹരൻ (സെക്രട്ടറി), എം.ശോഭ (ജോയിന്റ്സെക്രട്ടറി), ശ്രീദേവി എൽ. എസ് (ഖജാൻജി), അനിരുകുമാർ സി, കുമാരൻ ടി, ഗോപാലപൊതുവാൾ, പരമേശ്വര ശർമ, സലീല, ശ്രീജ (കമ്മിറ്റി അംഗങ്ങൾ).

പുതിയ ഭരണസമിതിയെ തിരഞ്ഞെടുത്ത സാഹചര്യത്തിൽ കഴിഞ്ഞ 53 ദിവസമായി ഗാന്ധി നിധി ആസ്ഥാനത്ത് നടത്തിവന്ന സമരം അവസാനിപ്പിക്കാൻ കേരള ഖാദി എംപ്ലോയീസ് ഓർഗനൈസേഷൻ തീരുമാനിച്ചു. നാളെ മുതൽ മുഴുവൻ ജീവനക്കാരും ഖാദി സെന്ററുകൾ തുറന്ന് പ്രവർത്തിക്കുമെന്ന് യൂണിയൻ സംസ്ഥാനപ്രസിഡന്റ്പേയാട്ശശി, ജനറൽ സെക്രട്ടറി പി. രാജേന്ദ്രദാസ് എന്നിവർ അറിയിച്ചു.

ഇന്ന് ട്രെയിൻ ഗതാഗത നിയന്ത്രണം

തിരുവനന്തപുരം: ഇടപ്പള്ളിയിൽ യാർഡ് നിർമ്മാണമുള്ളതിനാൽ ഇന്ന് ട്രെയിൻ ഗതാഗത നിയന്ത്രണമുണ്ടാകും. മംഗലാപുരത്ത് നിന്നുള്ള മാവേലി, മലബാർ, അജ്മീർ - എറണാകുളം, ചെന്നൈ - തിരുവനന്തപുരം, ബാംഗ്ലൂർ - കൊച്ചുവേളി, ഗുരുവായൂർ - തിരുവനന്തപുരം ഇന്റർസിറ്റി, നിസാമുദ്ദീൻ - തിരുവനന്തപുരം, വിശാഖപട്ടണം - കൊല്ലം സ്പെഷ്യൽ, കാരയ്ക്കൽ - എറണാകുളം തുടങ്ങിയ ട്രെയിനുകൾ വൈകും.

ഗുരുവായൂരിൽനിന്ന്തൃശ്ശൂരിലേക്കും എറണാകുളത്തേക്കും തിരിച്ചുമുള്ള പാസഞ്ചർ സർവീസുകളും റദ്ദാക്കിയിട്ടുണ്ട്.

സർക്കാർ ഉദ്യോഗസ്ഥരുടെ സ്വകാര്യ ട്യൂഷൻ

വിജിലൻസ് കൈയോടെ പൊക്കി

തിരുവനന്തപുരം: സർക്കാർ ഉദ്യോഗസ്ഥർ ഓഫീസ് സമയത്തും അല്ലാതെയും സ്വകാര്യ ട്യൂഷൻ സെന്ററുകളിൽ ക്ലാസെടുക്കുന്നതായും പ്രതിഫലം കൈപ്പറ്റുന്നതായും വിജിലൻസ് കണ്ടെത്തി. ഡയറക്ടർ ബി.എസ്. മുഹമ്മദ് യാസിന്റെ നിർദ്ദേശപ്രകാരം സംസ്ഥാനത്തുടനീളം വിജിലൻസ് മിന്നൽ പരിശോധന നടത്തിയത് 150 ലേറെ ട്യൂഷൻ സെന്ററുകളിൽ പരിശോധന നടത്തി.

തിരുവനന്തപുരത്ത് മുപ്പതും കൊല്ലം, എറണാകുളം ജില്ലകളിൽ 15ഉം പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, പാലക്കാട്, കോഴിക്കോട് എന്നിവിടങ്ങളിൽ പത്തു വീതവും ട്യൂഷൻ സെന്ററുകളിൽ റെയ്ഡ് നടത്തി.

തിരുവനന്തപുരത്ത് ആറ് അദ്ധ്യാപകരും കെ.എസ്. ആർ.ടി.സി കണ്ടക്ടറും ട്യൂഷനെടുക്കുന്നതായി കണ്ടെത്തി.

പത്തനംതിട്ടയിൽ ലീഗൽ മെട്രോളജി ഇൻസ്പെക്ടറും സിവിൽ സപ്ലൈസ് സെയിൽസ്മാനും, ആലപ്പുഴയിൽ ആരോഗ്യ, റവന്യൂ വകുപ്പുകളിലെ ക്ലാർക്കും അദ്ധ്യാപകനും, ഇടുക്കിയിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറും, പാലക്കാട്ട് അദ്ധ്യാപകനും മലപ്പുറത്ത് രണ്ട് സ്കൂൾ ടീച്ചർമാരും ട്യൂഷനെടുക്കുന്നതായി കണ്ടെത്തി.

സർക്കാർഉദ്യോഗസ്ഥർസാമ്പത്തികനേട്ടത്തിനായിസ്വകാര്യ ട്യൂഷനെടുക്കുന്നതിലൂടെ ജനങ്ങൾക്ക് യഥാസമയം സേവനങ്ങൾ ലഭിക്കുന്നില്ലെന്നാണ് വിജിലൻസ് വിലയിരുത്തൽ. സ്വകാര്യ ട്യൂഷനെടുക്കുന്ന സ്ഥാപനങ്ങളിലേക്ക് സ്കൂളുകളിലെ കുട്ടികളെ അദ്ധ്യാപകർ നിർബന്ധിച്ച് അയയ്ക്കുന്നതായും വിജിലൻസിന് പരാതി ലഭിച്ചിരുന്നു. പരിശോധന തുടരുമെന്ന് വിജിലൻസ് ഡയറക്ടർ അറിയിച്ചു.

നഴ്സിംഗ് സൂപ്രണ്ടിനെക്കൊണ്ട് ആരോഗ്യ ഡയറക്ടർ ശൗചാലയം കഴുകിച്ചെന്ന് പരാതി

ഫോർട്ട് ആശുപത്രിയിലെ നഴ്സിംഗ് സൂപ്രണ്ടിനെ ആരോഗ്യവകുപ്പ് ഡയറക്ടർ അപമാനിച്ചെന്ന് ആരോപിച്ച് ഗവ. നഴ്സസ് അസോസിയേഷന്റെ നേതൃത്വത്തിൽ ആരോഗ്യവകുപ്പ് ഡയറക്ടറേറ്റിന് മുന്നിൽ നടന്ന ധർണ

തിരുവനന്തപുരം: ആശുപത്രിയിൽ മിന്നൽ പരിശോധനയ്ക്കെത്തിയ ആരോഗ്യവകുപ്പ് ഡയറക്ടർ നഴ്സിംഗ് സൂപ്രണ്ടിനെക്കൊണ്ട് ശൗചാലയം കഴുകിച്ചെന്നാരോപിച്ച് ഗവ. നഴ്സസ് അസോസിയേഷൻ രംഗത്തെത്തി. ഫോർട്ട് ഗവ. താലൂക്ക് ആശുപത്രിയിലെ നഴ്സിംഗ് സൂപ്രണ്ട് സൂരജയെക്കൊണ്ട് ഡയറക്ടർ സരിത ജീവനക്കാരുടെയും രോഗികളുടെയും മുന്നിൽ ശൗചാലയവും ആശുപത്രി ഭിത്തിയും കഴുകിച്ചെന്നാണ് പരാതി. ഇതേത്തുടർന്ന് ആരോഗ്യവകുപ്പ് ഡയറക്ടറുടെ കാര്യാലയത്തിനുമുന്നിൽ അസോസിയേഷൻ ഇന്നലെ പ്രതിഷേധധർണ നടത്തി.

വ്യാഴാഴ്ച വൈകിട്ട് മൂന്നിനായിരുന്നു സംഭവം. ആശുപത്രിയിലെ ശോചനീയാവസ്ഥ പരിശോധിക്കാൻഹെൽത്ത്ഇൻസ്പെക്ടർക്കൊപ്പമാണ് ഡയറക്ടറെത്തിയത്. തുടർന്ന് ഉച്ചഭക്ഷണം കഴിക്കുകയായിരുന്ന നഴ്സിംഗ്സൂപ്രണ്ടിനെ വിളിച്ചുവരുത്തി ഡ്രസിംഗ്റൂമിലെവൃത്തിഹീനമായ വാഷ്ബേസിൻ കഴുകിച്ചു തുടർന്നാണ് ഭിത്തിയും ശൗചാലയവും വൃത്തിയാക്കാൻ നിർദേശിച്ചതെന്ന് മറ്റ് ജീവനക്കാർ പറഞ്ഞു. അതേസമയം ആറ്മാസമായി ആവശ്യത്തിന് ക്ലീനിംഗ്സ്റ്റാഫില്ലാത്തത് ജില്ലാ മെഡിക്കൽ ഓഫീസർ, ആരോഗ്യവകുപ്പ് ഡയറക്ടർ എന്നിവരെ രേഖാമൂലം അറിയിച്ചതായി നഴ്സിംഗ് സൂപ്രണ്ട് സൂരജ പറഞ്ഞു. ജീവനക്കാർ കുറവാണെന്ന് വ്യക്തമായി അറിയാവുന്ന ഡയറക്ടർ എന്തിനാണ് തന്നെ കൊണ്ട് ശൗചാലയം കഴുകിച്ചതെന്ന് അറിയില്ലെന്നും സൂരജ പറഞ്ഞു. എന്നാൽ ആശുപത്രിവൃത്തിയാക്കുന്നതിൽ താനും പങ്കാളിയായെന്നും മലിനമായിക്കിടന്ന സ്ഥലം ജീവനക്കാരെക്കൊണ്ട് വൃത്തിയാക്കിക്കുകയാണ് ചെയ്തതെന്നും ആരോഗ്യഡയറക്ടർ സരിതവ്യക്തമാക്കി.

നിരക്ക് വർദ്ധനയുടെ മറവിൽ

ആട്ടോ - ടാക്സി പകൽ കൊള്ള

▸ സ്വന്തം ലേഖകൻ

തിരുവനന്തപുരം: വർദ്ധിപ്പിച്ച നിരക്ക് നിലവിൽ വന്നിട്ടും ആട്ടോറിക്ഷകളും ടാക്സികാറുകളും സർക്കാർ തീരുമാനിച്ച നിരക്കിനെക്കാൾകൂടിയതുകയാത്രക്കാരിൽ നിന്നും ഈടാക്കുന്നതായിവ്യാപക പരാതി.

ആട്ടോറിക്ഷയുടെ മിനിമം നിരക്ക് ഒന്നര കിലോമീറ്റർ വരെ 25 രൂപയായും ടാക്സിയുടേത് അഞ്ച് കിലോമീറ്റർ വരെ 175 രൂപയുമായാണ് ഉയർത്തിയത്. കഴിഞ്ഞ വ്യാഴാഴ്ച മുതൽ പുതിയനിരക്ക്നിലവിൽവന്നിരുന്നു. ആട്ടോറിക്ഷയ്ക്ക് മിനിമം നിരക്ക് കഴിഞ്ഞുള്ള ഓരോ കിലോമീറ്ററിനും പത്ത് രൂപയിൽ നിന്നും 12 രൂപയായും ടാക്സിക്ക് 15 രൂപയിൽ നിന്ന് 17 രൂപയായുമാണ് കൂടിയത്.

നിരക്ക് വ്യത്യാസം വന്നെങ്കിലും ആട്ടോറിക്ഷകളിലെ മീറ്റർ ബോർഡ് മാറ്റി സെറ്റ് ചെയ്തിട്ടില്ല. അതു ചെയ്യേണ്ടത് ലീഗൽ മെട്രോളജി വകുപ്പാണ്. അവർക്ക് അതിനുള്ള സാവകാശം നൽകാതെ ഗതാഗതവകുപ്പ് നിരക്ക് വർദ്ധിപ്പിച്ചുകൊണ്ട് ഉത്തരവ് ഇറക്കുകയായിരുന്നു.

ഈ അനുകൂല സാഹചര്യം മുതലെടുത്താണ് തട്ടിപ്പ്. മീറ്ററിടാതെയാണ് പലപ്പോഴും ആട്ടോറിക്ഷ ഓടുന്നത്. യാത്രക്കാരൻ ഇറങ്ങുമ്പോൾ ആട്ടോക്കാരൻ പറയുന്ന രൂപനൽകണം. സർക്കാർ നിരക്ക് എത്ര നിശ്ചയിച്ചാലും തോന്നിയതുപോലെ യാണ് പല ടാക്സിക്കാരും പണം വാങ്ങുന്നത്. അഞ്ച് കിലോമീറ്റർ ഓട്ടത്തിന് 175 രൂപ ഈടാക്കുന്ന ടാക്സിക്കാരെ കണ്ടുകിട്ടാൻ തന്നെബുദ്ധിമുട്ടാണ്. നിരക്ക്വർദ്ധന വരുന്നതിനു മുമ്പ് തന്നെ മൂന്നു കിലോമീറ്ററിന് ശരാശരി 200 രൂപ ഈടാക്കിയിരുന്നു. ഇപ്പോഴും തോന്നിയ പടിയാണ്. ഇതിനെതിരെ ആരും രേഖാമൂലം പരാതിയുമായി മുന്നോട്ടു പോകാത്തതാണ് തട്ടിപ്പ് തുടരാൻ കാരണം.

ഫെയർലിസ്റ്റ് പുറത്തിറക്കിയില്ല

സാധാരണ ആട്ടോറിക്ഷ നിരക്ക് പുതുക്കിയാൽ മോട്ടോർവാഹന വകുപ്പ് പുതിയ നിരക്കുകൾ ഉൾക്കൊള്ളിച്ച് ഫെയർലിസ്റ്റ് പുറത്തിറക്കാറുണ്ട്. അത് ആട്ടോകളിൽ യാത്രക്കാർ കാണുന്ന വിധത്തിൽ പതിക്കണം. ഇത്തവണ ഇതുവരെ ഫെയർലിസ്റ്റ് പുറത്തിറക്കിയിട്ടില്ല.

തട്ടിപ്പ് കൈയോടെ പിടിക്കാം

ആട്ടോറിക്ഷയ്ക്ക്ഒന്നരക്കിലോമീറ്റർ കഴിഞ്ഞ ഉടൻ അടുത്ത ഒരു കിലോമീറ്റർ നിരക്ക് മുഴുവനായി നൽകേണ്ടതില്ല. ഉദാഹരണത്തിന് ആദ്യത്തെ ഒന്നര കിലോമീറ്റർ ഓടിക്കഴിഞ്ഞാൽ 25 രൂപ നൽകണം അത് രണ്ട് കിലോമീറ്ററായി കഴിഞ്ഞാൽ അടുത്ത ഒരു കിലോമീറ്ററിന്റെ നിരക്കായ 12 കൂടി ചേർത്ത് 37 രൂപ നൽകേണ്ടതില്ല. 500 മീറ്ററിനു വേണ്ട 6 രൂപ കൂടി ചേർത്ത് 31 രൂപ നൽകിയാൽ മതി. മുമ്പ് മീറ്ററിൽ മിനിമം ദൂരം കഴിഞ്ഞാൽ ഓരോ 50 മീറ്ററും കണക്കാക്കി നിരക്ക് തെളിയുമായിരുന്നു. മീറ്റർ പുതുക്കാത്തതു കാരണം അതുണ്ടായിട്ടില്ല. ഗ്രാമങ്ങളിൽ നിരക്ക് നിശ്ചയിക്കുന്നത് ആട്ടോസ്റ്റാൻഡിലെ തൊഴിലാളികൾ ചേർന്നാണ്. കിലോമീറ്ററിന് 25 രൂപയായി അവർ നിശ്ചയിച്ചാൽ അടുത്ത ഒരു കിലോമീറ്റർ കൂടി പോകണമെങ്കിൽ വീണ്ടും ഒരു 25 രൂപകൂടി ഈടാക്കുന്നവരുണ്ട്.

കാരക്കോണം: 11 മെഡി. വിദ്യാർത്ഥികളുടെ പ്രവേശനം സർക്കാരും റദ്ദാക്കി

തിരുവനന്തപുരം: വ്യാജ സമുദായ സർട്ടിഫിക്കറ്റ് ഹാജരാക്കി കാരക്കോണം സി.എസ്.ഐ മെഡിക്കൽ കോളേജിൽ പ്രവേശനം നേടിയ 11 വിദ്യാർത്ഥികളുടെ എം. ബി. ബി. എസ് അഡ്മിഷൻ റദ്ദാക്കിയ ജസ്റ്റിസ് രാജേന്ദ്രബാബു കമ്മിറ്റിയുടെ നടപടി ശരിവച്ച് സർക്കാർ ഉത്തരവിറക്കി. കമ്മിറ്റി തീരുമാനത്തിനെതിരെ ചില വിദ്യാർത്ഥികൾ ഹൈക്കോടതിയെ സമീപിച്ചിരുന്നു. കോടതി നിർദ്ദേശപ്രകാരമാണ് സർക്കാർ ഉത്തരവിറക്കിയത്. കാരക്കോണത്ത് പ്രവേശനംനേടിയവരുടെ സമുദായ സർട്ടിഫിക്കറ്റ് രാജേന്ദ്രബാബു കമ്മിറ്റിവിശദമായിപരിശോധിക്കണമെന്ന്ഹൈക്കോടതിനേരത്തേ ഉത്തരവിട്ടിരുന്നു. ഇതുപ്രകാരമാണ് 11 പേരുടെ പ്രവേശനം റദ്ദാക്കിയത്. ഇവരെ പ്രിൻസിപ്പൽ ഉടൻ പുറത്താക്കണമെന്നും സർക്കാർ ഉത്തരവിലുണ്ട്.

സി.എം.എസ് ആംഗ്ലിക്കൻ സഭാംഗങ്ങളുടെ മക്കളെന്ന നിലയിൽ നേടിയ ഒമ്പത് പേരുടെയും, സി.എസ്.ഐ അനുബന്ധ സമുദായാംഗം എന്ന നിലയിൽ നേടിയ രണ്ടു പേരുടെയും പ്രവേശനമാണ് റദ്ദാക്കിയത്. ആംഗ്ലിക്കൻ ചർച്ച് ബിഷപ്പ് ഡേവിഡ്പൂക്കോസാണ് 9 പേർക്ക് സമുദായ സർട്ടിഫിക്കറ്റ് നൽകിയത്. ഡേവിഡ്പൂക്കോസ് ആംഗ്ലിക്കൻ ചർച്ച് ബിഷപ്പ് മാത്രമാണെന്നും സി.എം.എസ് ആംഗ്ലിക്കൻ ചർച്ച് അംഗങ്ങൾക്ക് ഇദ്ദേഹം നൽകിയ സമുദായ സർട്ടിഫിക്കറ്റ് അസാധുവാണെന്നും ഉത്തരവിലുണ്ട്.

അവശേഷിക്കുന്ന 89 വിദ്യാർത്ഥികൾക്ക് രജിസ്ട്രേഷൻ ലഭിക്കും. സമുദായ സർട്ടിഫിക്കറ്റ് അനുവദിക്കുന്നതിൽ വില്ലേജ് ഓഫീസർമാർക്കുതൽശ്രദ്ധപുലർത്തണമെന്നും ആറ്വർഷത്തിൽകുറയാതെ അംഗമായവർക്കല്ലാതെ സമുദായ സർട്ടിഫിക്കറ്റ് നൽകരുതെന്നും മതനേതാക്കളോട് സർക്കാർ നിർദ്ദേശിക്കണമെന്നും രാജേന്ദ്രബാബു സമിതി ശുപാർശ ചെയ്തിട്ടുണ്ട്.

വിളംബരം

വീണപൂവ് അവാർഡിന് അപേക്ഷിക്കാം

ആറ്റിങ്ങൽ: തോന്നയ്ക്കൽ കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് കൾച്ചറൽ ഏർപ്പെടുത്തിയ മികച്ച ആശാൻ പഠനത്തിനുള്ള 'വീണപൂവ്' അവാർഡിന് കൃതികൾ ക്ഷണിച്ചു. കുമാരനാശാന്റെ ജീവിതത്തെയോ കൃതികളെയോ ആധാരമാക്കിയുള്ള പഠന ഗ്രന്ഥങ്ങളാണ് അവാർഡിന് പരിഗണിക്കുക. 2018 ഒക്ടോബർ 31 ന് മുമ്പ് 5 വർഷത്തിനുള്ളിൽ ആദ്യ പതിപ്പായി പ്രസിദ്ധീകരിച്ച ഗ്രന്ഥങ്ങൾ അയയ്ക്കാം. 12,500 രൂപയും പ്രശസ്തി പത്രവും ശില്പവുമാണ് പുരസ്കാരം. ഗ്രന്ഥത്തിന്റെ നാല് പ്രതികൾ സെക്രട്ടറി, കുമാരനാശാൻ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് കൾച്ചറൽ, തോന്നയ്ക്കൽ പി.ഒ, തിരുവനന്തപുരം- 695317 എന്ന വിലാസത്തിൽ ഡിസംബർ 31 ന് മുൻപ് നേരിട്ടോ തപാലിലോ എത്തിക്കണം.
ഫോൺ: 0471 2618873.

ശുഭയാത്ര പദ്ധതിയിൽ ഇലക്ട്രോണിക് വീൽചെയർ

തിരുവനന്തപുരം

സംസ്ഥാന വികലാംഗക്ഷേമ കോർപറേഷന്റെ 'ശുഭയാത്ര' പദ്ധതിയിൽ ഉൾപ്പെടുത്തി ഇലക്ട്രോണിക് വീൽചെയർ നൽകുന്നതിനായി അപേക്ഷ ക്ഷണിച്ചു. അപേക്ഷഫോറം www.hpwc.kerala.gov.in എന്ന വെബ്സൈറ്റിൽ നിന്നും ഡൗൺലോഡ് ചെയ്യാം. അവസാന തീയതി ജനവരി അഞ്ച് വൈകിട്ട് 5 വരെ. ഇലക്ട്രോണിക് വീൽ ചെയറിന് ആദ്യമായിട്ടാണ് അപേക്ഷ ക്ഷണിക്കുന്നത്. മുന്നിപ്രകരണങ്ങൾക്കുള്ളഫോമിൽ അപേക്ഷ കൊടുത്തവരും പുതിയഫോമിൽ അപേക്ഷിക്കണം. കവറിനു മുകളിൽ ശുഭയാത്ര ഇലക്ട്രോണിക് വീൽചെയർ അപേക്ഷ എന്ന് രേഖപ്പെടുത്തണം. വിവരങ്ങൾക്ക് 0471-2347768, 7153, 7156, 7152, 7510729871.

വാക്ക് ഇൻ ഇന്റർവ്യൂ

സർക്കാർ ആയുർവേദ കോളേജിൽ 14ന് നടത്താനിരുന്ന ടെക്നീഷ്യൻ(ബയോടെക്നോളജി), സ്റ്റാറ്റിസ്റ്റിക്സ്അദ്ധ്യാപകൻ എന്നീ തസ്തികകളിലേയ്ക്കുള്ള താത്കാലിക നിയമനത്തിനായുള്ള ഇന്റർവ്യൂ ഈമാസം 18ന് നടക്കും. അന്ന് ഇന്റർവ്യൂ നടത്താനായില്ലെങ്കിൽതൊട്ടടുത്തപ്രവൃത്തിദിവസം അതേസമയം നടക്കും.

ഓഫീസ് അറ്റൻഡന്റ് ഇന്റർവ്യൂ 28ന്

ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയുടെ നവംബർ 28 ന് പ്രസിദ്ധീകരിച്ച ചുരുക്കപട്ടികയിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്കായി തിരുവനന്തപുരം ഗവൺമെന്റ് ആയുർവേദ കോളേജിന് സമീപത്തുള്ള കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസിൽ ഡിസംബർ 22ന് ഇന്റർവ്യൂനുള്ള. വ്യക്തിഗത മെമ്മോ മുഖേനയും രജിസ്റ്റേർഡ്മൊബൈൽനമ്പരിൽ എസ്.എം.എസ്മുഖേനയും ഉദ്യോഗാർത്ഥികൾക്ക് ഇന്റർവ്യൂ അറിയിച്ച് നൽകിയിട്ടുണ്ട്. 19 വരെ ഇന്റർവ്യൂ മെമ്മോ ലഭിക്കാത്ത ഉദ്യോഗാർത്ഥികൾ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസുമായി നേരിട്ട് ബന്ധപ്പെടണം.

ജലനിധിയിൽ നിയമനം

കേരള ശുദ്ധജലവിതരണ ശുചിത്വപദ്ധതിയായ ജലനിധിയുടെ തിരുവനന്തപുരം പ്രൊജക്ട് മാനേജ്മെന്റ് യൂണിറ്റിൽ ഡയറക്ടർ (ഓപ്പറേഷൻസ്), ഡയറക്ടർ (ടെക്നിക്കൽ) എന്നീ തസ്തികകളിൽ ഡെപ്യൂട്ടേഷൻ / കരാർ വ്യവസ്ഥയിൽ അപേക്ഷ ക്ഷണിച്ചു. ഡയറക്ടർ (ഓപറേഷൻസ്) യോഗ്യത: അംഗീകൃത സർവകലാശാലയിൽ നിന്നുള്ള എം.ബി.എ/ എം.എസ്.ഡബ്ല്യൂ/ ബി.ടെക്(സിവിൽ/ മെക്കാനിക്കൽ/ ഇലക്ട്രിക്കൽ/ ഇലക്ട്രോണിക്സ്/ കെമിക്കൽ/ ഐ.ടി) ബിരുദാനന്തര ബിരുദം/ ബിരുദം, ഗ്രാമവികസനം അല്ലെങ്കിൽ ജലവിതരണ മേഖലയിൽ 12 വർഷത്തെ പ്രവൃത്തിപരിചയം, സാമൂഹ്യ വികസന പദ്ധതികൾ/ പ്രൊജക്ട് മാനേജ്മെന്റ് എന്നിവയിലുള്ള 5 വർഷത്തിൽ കുറയാത്ത പ്രവൃത്തിപരിചയം അഭികാമ്യം. സർക്കാർ/ അർദ്ധസർക്കാർ സ്ഥാപനങ്ങളിൽ സൂപ്രിംഗ് എഞ്ചിനീയർ/ ജോയിന്റ് ഡവലെപ്മെന്റ് കമ്മീഷണർ/ ഡെപ്യൂട്ടി കളക്ടർ എന്നീ തസ്തികയിൽ കുറയാത്ത റാങ്കിൽ ജോലിചെയ്യുന്നവർക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ അപേക്ഷിക്കാം. ഡയറക്ടർ(ടെക്നിക്കൽ) യോഗ്യത: ബി.ടെക് (സിവിൽ/ മെക്കാനിക്കൽ) ബിരുദം, ജലവിതരണ മേഖലയിൽ രൂപകൽപനയും നടത്തിപ്പുമായി ബന്ധപ്പെട്ട 12 വർഷത്തെ പ്രവൃത്തിപരിചയം, സാമൂഹ്യവികസന പദ്ധതികൾ/ പ്രോജക്ട് മാനേജ്മെന്റ് എന്നിവയിലുള്ള പ്രവൃത്തിപരിചയം അഭികാമ്യം. വിവരങ്ങൾക്ക് www.jalanidhi.kerala.gov.in. അവസാന തിയതി ഈമാസം 26.

യു.കെ.യിൽ നഴ്സുമാർക്ക് അവസരം

തിരുവനന്തപുരം: നഴ്സുമാർക്ക് യു.കെ.യിലെ എൻ.എച്ച്.എസ് ട്രസ്റ്റിന്റെ കീഴിലുള്ള പ്രമുഖ ആശുപത്രികളിൽ നിയമനത്തിനായി ഒഡെപെക് അവസരമൊരുക്കുന്നു. നഴ്സിംഗിൽ ഡിഗ്രി അഥവാ ഡിപ്ലോമയും ആറ്മാസത്തെ പ്രവൃത്തിപരിചയവും ഉള്ളവർക്ക് അപേക്ഷിക്കാം.

IELTS/OET യോഗ്യതനേടിയവർക്ക് ഉടൻ നിയമനം ലഭിക്കും. IELTS ൽ നിശ്ചിതസ്കോർ ലഭിക്കാത്തവർക്ക് പ്രത്യേക പരിശീലനം നൽകും. നിയമനം തികച്ചും സൗജന്യമാണ്.

ഈ പ്രോഗ്രാമിനെ നഴ്സുമാർക്ക് പരിചയപ്പെടുത്തുന്നതിനായി ഈ മാസം 19 ന് രാവിലെ 10 ന് തൊട്ടുപുഴ പെൻഷൻ ഭവനിലും പാലക്കാട് ചിറ്റൂരുള്ള കരിയർ ഡവലപ്മെന്റ് സെന്ററിലും വച്ച് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചും ഒഡെപെകും സംയുക്തമായിബോധവത്കരണക്യാമ്പ് സംഘടിപ്പിക്കുന്നു.

നഴ്സുമാർക്കും നഴ്സിംഗ് വിദ്യാർത്ഥികൾക്കും പങ്കെടുക്കാം. വിശദവിവരങ്ങൾക്ക് ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുമായി ബന്ധപ്പെടണം.

സൗദി എംബസി അറ്റസ്റ്റേഷൻ നോർക്ക റൂട്ട്സിൽ

സൗദി അറേബ്യയിലേക്ക് പോകുന്ന കേരളത്തിൽനിന്നുള്ള ഉദ്യോഗാർത്ഥികൾക്കായി സൗദിഎംബസി സാക്ഷ്യപ്പെടുത്തൽ സേവനം തിങ്കളാഴ്ച മുതൽ നോർക്ക റൂട്ട്സിന്റെ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് മേഖലാ ഓഫീസുകളിൽ ലഭ്യമാകുമെന്ന് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ കെ. ഹരികൃഷ്ണൻ നമ്പൂതിരി അറിയിച്ചു. ഒരു സർട്ടിഫിക്കറ്റിന് 5,000 രൂപയാണ് ഫീസ്.

കൂടാതെ, അതതു സർവകലാശാലകളുടെ പരിശോധനാഫീസും നോർക്ക റൂട്ട്സിന്റെ സർവീസ് ചാർജ്ജും നൽകണം. കൂടുതൽ വിവരങ്ങൾ www.norkaroots.net എന്ന വെബ്സൈറ്റിൽ നിന്നോ നോർക്ക റൂട്ട്സിന്റെ കാൾ സെന്ററിലെ 18004253939 എന്ന നമ്പറിൽ നിന്നോ ലഭിക്കും.

ഡിക്ടേഷൻ ടെസ്റ്റ്

ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡിൽ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് തസ്തികയിലേക്കുള്ള ചുരുക്കപട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഉദ്യോഗാർത്ഥികൾക്കായി തിരുവനന്തപുരം കോട്ടൺഹിൽ ഗവ. ഗേൾസ് ഹയർസെക്കൻഡറി സ്കൂളിൽ 28ന് ഉച്ചയ്ക്ക് 1.30ന് ഡിക്ടേഷൻ ടെസ്റ്റ് നടത്തും. ഉദ്യോഗാർത്ഥികൾക്കുള്ള അറിയിപ്പ് വ്യക്തിഗത മെമ്മോ മുഖേനയും എസ്.എം.എസ് മുഖേനയും നൽകിയിട്ടുണ്ട്.

24വരെ മെമ്മോ ലഭിക്കാത്തവർ ഉദ്യോഗാർത്ഥികൾ ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓഫീസുമായി നേരിട്ട് ബന്ധപ്പെടണം.

പി.എസ്.സി ഇന്റർവ്യൂ

www.kerala psc.gov.in

കാറ്റഗറി നമ്പർ 188/2016 പ്രകാരം എക്സൈസ് വകുപ്പിൽ എക്സൈസ് ഇൻസ്പെക്ടർ (തസ്തികമാറ്റം വഴിയുള്ള നിയമനം) തസ്തികയ്ക്ക് 19, 20, 21 തീയതികളിലും, കാറ്റഗറി നമ്പർ 590/2017 പ്രകാരം ഹയർസെക്കൻഡറി വിദ്യാഭ്യാസവകുപ്പിൽ ഹയർസെക്കൻഡറി സ്കൂൾ ടീച്ചർ (ജൂനിയർ) പൊളിറ്റിക്കൽ സയൻസ് (പട്ടികവർഗക്കാർക്കുള്ള പ്രത്യേക നിയമനം) തസ്തികയ്ക്ക് 20 നും, കാറ്റഗറി നമ്പർ 344/2017 പ്രകാരം ഹയർസെക്കൻഡറി സ്കൂൾ ടീച്ചർ സോഷ്യോളജി (പട്ടികവർഗക്കാർക്കുള്ള പ്രത്യേക നിയമനം) തസ്തികയ്ക്ക് 21 നും, കാറ്റഗറി നമ്പർ 650/2014 പ്രകാരം കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപറേഷൻ ലിമിറ്റിൽ അക്കൗന്റന്റ് തസ്തികയ്ക്ക് 21 നും പി.എസ്.സി ആസ്ഥാന ഓഫീസിൽ വച്ച് ഇന്റർവ്യൂ നടത്തും.

■ ഒറ്റത്തവണ വെരിഫിക്കേഷൻ

കാറ്റഗറി നമ്പർ 159/2018 പ്രകാരം വ്യവസായിക പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ (ഡ്രസ് മേക്കിംഗ്) (എൻ.സി.എ.-എൽ.സി./എ.ഐ.), തസ്തികയ്ക്ക് 18 ന് പി.എസ്.സി ആസ്ഥാന ഓഫീസിൽ വച്ച് ഒറ്റത്തവണ വെരിഫിക്കേഷൻ നടത്തും. വിവരങ്ങൾക്ക് ഒ.ടി. ആർപ്രൊഫൈൽസന്ദർശിക്കുക.

■ വകുപ്പുതല പരീക്ഷ